## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3158 — 14. 07.2015 ൽ മറുപടിക്ക്

### കെ.എസ്. ഇ.ബി. -ലെ ശമ്പളപരിഷ്കരണം

| ചോദ്യം<br>ശ്രീ. ജി.എസ്.ജയലാൽ | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ)കെ.എസ്.ഇ.ബി. – ലെ ജീവനക്കാരുടെ നിലവിലുള്ള ശമ്പളപരിഷ്കരണ കരാറിന്റെ കാലാവധി 31.07.2013 – ൽ അവസാനിച്ചതായി ശ്രദ്ധിച്ചിരുന്നുവോ; പുതിയ കരാർ രൂപീകരിക്കുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ വർക്ക്മെൻ വിഭാഗത്തിൽപെട്ട ജീവനക്കാരുടെ ഏറ്റവും ഒടുവിലായി പൂർത്തീകരിച്ചിട്ടുള്ള ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി 31.07.2013-ൽ അവസാനിച്ചു. പുതിയ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതിലേയ്ക്കായുള്ള നടപടികൾ ബോർഡിൽ ആരംഭിച്ചിട്ടില്ല. |
| (ബി)പുതിയ ശമ്പള കരാറിനായി എത്ര സംഘടനകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന് അവകാശപത്രിക സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത സംഘടനകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) പുതിയ ശമ്പളപരിഷ്കരണ കരാറിനായി കേരളാ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.റ്റി.യു.സി) എന്ന സംഘടന അവകാശ പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| (സി)01.08.2013 തീയതിയിൽ മുൻകാല പ്രബല്യത്തോടെ പുതിയ കരാർ രൂപീകരിക്കുവാൻ സന്നദ്ധമാകുമോ; ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ ശമ്പള പരിഷ്കരണം | (സി) ശമ്പള പരിഷ്കരണ ചർച്ചകളിൽ ഉരുത്തിരിയുന്ന തീരുമാനങ്ങൾ മുൻനിർത്തിയും കരാർ രൂപപ്പെടുത്തുന്നതിൽ മുൻകാലങ്ങളിൽ പാലിച്ചു വരുന്ന വ്യവസ്ഥകൾ/നിബന്ധനകൾ/നിയമങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം നൽകിയും, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും |

| | |
|---|---|
| നടത്തുവാൻ തയ്യാറാകുമോ; വിശദാംശം അറിയിക്കുമോ? | അനുമതിയ്ക്ക് വിധേയമായാണ് ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നത്. പുതിയ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച മറ്റ് വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല |

സെക്ഷൻ ഓഫീസർ